**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1578** **19-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ നാളിതുവരെ എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ തൃക്കണ്ടിയൂർ, മൂത്തേടം, മലപ്പുറം, വഴിക്കടവ്, വെട്ടം, പൂക്കോട്ടൂർ, പാണ്ടിക്കാട, തൃക്കലങ്ങോട്, ചോക്കാട്, കേരള എസ്റ്റേറ്റ്, നിറമരുതൂർ, ഇരിമ്പിളിയം, വാഴയൂർ, എടപ്പറ്റ, മേൽമുറി, പുറത്തൂർ എന്നീ 16 വില്ലേജാഫീസുകൾ 2017-18 കാലഘട്ടത്തിനുശേഷം ഏകികൃത ഡിസൈൻ അനുസരിച്ച് നിർമ്മിച്ച സ്മാർട്ട് വില്ലേജ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ പ്രസ്തുത ജില്ലയിലെ താഴെക്കോട്, എളംകുളം, പാണക്കാട്, നറുകര, കീഴുപറമ്പ്, മഞ്ചേരി, താനൂർ, എടപ്പാൾ, വടക്കാങ്ങര, അമരമ്പലം, മൂർക്കനാട് എന്നീ 11 വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട്<br>കെട്ടിട നിർമ്മാണം നിർവഹിച്ചിട്ടില്ലെങ്കിലും ടി വില്ലേജുകൾ ഉറപ്പുള്ള കെട്ടിടത്തിൽ പ്രവർത്തിച്ച് അടിസ്ഥാന സൗകര്യങ്ങളോട്ടു കൂടി സ്മാർട്ടിന് തുല്യമായ സേവനങ്ങൾ നൽകി വരുന്നു. |
| (ബി) | ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതെന്നും പുതുതായി ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജാക്കുന്നതെന്നും അറിയിക്കുമോ; | (ബി) | ഏറനാട് മണ്ഡലത്തിൽ കുറച്ച് വാർഡുകൾ ഉൾപ്പെടുന്നതും എന്നാൽ വണ്ടൂർ മണ്ഡലത്തിന്റെ ഭാഗമായതുമായ പുള്ളിപ്പാടം വില്ലേജ് ഓഫീസ് നവീകരണം വഴി സ്മാർട്ട് വില്ലേജാഫീസായി ഉയർത്തിയിട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷത്തിലെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി വില്ലേജുകളെ തെരഞ്ഞെടുക്കുന്നതിനായുള്ള കരട് ലിസ്റ്റ് പരിശോധിച്ച വരികയാണ്. |
| (സി) | സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറുമ്പോൾ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദമാക്കുമോ? | (സി) | ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോട്ടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്ക് |

| | | | |
|---|---|---|---|
| | | | അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.<br><br>ഇതു കൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും, കുടിവെള്ള സൗകര്യവും, ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ